## IV. സബ്മിഷൻ

(1) എൻ.എസ്.എസ്. എയ്ഡഡ് സ്കൂളുകളിലെ നിയമങ്ങൾ സ്ഥിരപ്പെടുത്തൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) : സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഒരു വിധിയുണ്ടായിരുന്നതുകൊണ്ട് സംസ്ഥാനത്തെ 16000-ത്തോളം അധ്യാപകർക്ക് നിയമനം നൽകാതിരിക്കുകയാണ്. ഈ ഭിന്നശേഷിക്കാർക്കുള്ള സംവരണ സീറ്റ് മാറ്റിവച്ചിട്ട് ബാക്കിയുള്ളവർക്ക് നിയമനം നൽകണമെന്നതാണ് നമ്മുടെ നിലപാട്. ഇപ്പോൾ എൻ.എസ്.എസ്. മാനേജ്മെന്റിനുകീഴിലുള്ള എല്ലാ എയ്ഡഡ് സ്കൂളുകൾക്കും ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്ത സീറ്റുകൾ ഒഴികെ ബാക്കിയുള്ള സീറ്റുകളിലേക്ക് നിയമനം നൽകാനുള്ള സുപ്രീംകോടതി ഉത്തരവുണ്ടായി. ആ ഉത്തരവിനെത്തുടർന്ന് സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പും ഉത്തരവിറക്കിയിട്ടുണ്ട്. ഒരു പൊതുവിഷയത്തിൽ ഒരു വിധിയുണ്ടായാൽ സമാനമായ വിഷയങ്ങളിൽ ആ വിധി ബാധകമാണെന്ന് മുമ്പുതന്നെ സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് എൻ.എൻ.എസ്. മാനേജ്മെന്റിന് കീഴിലുള്ള

എയ്ഡഡ് സ്കൂളുകൾക്ക് കൊടുത്തിരിക്കുന്ന ഭിന്നശേഷിക്കാർക്കുള്ള സംവരണ സീറ്റ് മാറ്റിവച്ച് ബാക്കി അവിടെ നടത്തിയിരിക്കുന്ന നിയമനങ്ങൾ റഗുലറൈസ് ചെയ്യാൻ വേണ്ടി ഗവൺമെന്റ് ഒരു പൊതു ഉത്തരവിറക്കണം. ഇല്ലെങ്കിൽ അത് അനീതിയാണ്. ഒരുപാട് ആളുകൾ അപ്പോയ്ന്റ്മെന്റ് കിട്ടിയിട്ട് കാത്തിരിക്കുകയാണ്. കോടതി വിധിയുടെ പശ്ചാത്തലത്തിൽ എല്ലാവർക്കും ഇത് ബാധകമാക്കിക്കൊണ്ട് ഭിന്നശേഷിക്കാരുടെ സംവരണത്തിന് ആളില്ലെങ്കിൽ ആ സീറ്റ് മാറ്റിവച്ചിട്ട് ബാക്കിയുള്ളതിൽ സ്ഥിര നിയമനം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇതേ വിഷയവുമായി ബന്ധപ്പെട്ട് സർവശ്രീ സജീവ് ജോസഫ്, ടി. വി. ഇബ്രാഹിം, സനീഷ്കുമാർ ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരള ഹൈക്കോടതി 13-03-2023-ൽ പുറപ്പെടുവിച്ച WA No.1445/2022-ൽ എന്ന

വിധിന്യായത്തിൽ ഭിന്നശേഷി സംവരണ നിയമനങ്ങൾ സംബന്ധിച്ചുള്ള നിർദേശങ്ങൾ പൂർണ്ണമായും നടപ്പാക്കുന്നതുവരെ 08-11-2021-നുശേഷമുണ്ടാകുന്ന ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ നികത്താൻ എല്ലാ എയ്ഡഡ് സ്കൂളുകളുടെയും മാനേജർമാർക്ക് സ്വാതന്ത്ര്യമുണ്ടെന്ന് ഉത്തരവിട്ടിരുന്നു. തദനുസരണം 24-03-2023-ലെ ഉത്തരവ് പ്രകാരം സർക്കാർ ഒരു ഓർഡർ ഇറക്കിയിരുന്നു.

സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾക്കെതിരെ നായർ സർവീസ് സൊസൈറ്റി എസ്.എൽ.പി.(സി)നം.11373/2024 മുഖാന്തരം സുപ്രീംകോടതിയെ സമീപിക്കുകയുണ്ടായി. സൊസൈറ്റിയുടെ കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിന് മാറ്റിവച്ചിട്ടുള്ള തസ്തികകൾ ഒഴികെ മറ്റ് ഒഴിവുകളിൽ റെഗുലർ/സ്ഥിരനിയമനം നടത്താൻ അനുവദിക്കണമെന്നതായിരുന്നു പ്രധാന വാദം. സുപ്രീംകോടതിയുടെ 04-03-2025-ലെ ഉത്തരവ് പ്രകാരം നായർ സർവീസ് സൊസൈറ്റി നൽകിയ അപ്പീൽ അനുവദിക്കുകയും സൊസൈറ്റിയുടെ കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിന് മാറ്റിവച്ചിട്ടുള്ള തസ്തികകൾ ഒഴികെ മറ്റ് ഒഴിവുകളിൽ

റഗുലർ/സ്ഥിര നിയമനം നടത്തുവാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരം നിയമിതരായവരുടെ സേവനകാലം ആവശ്യമായ നടപടികൾ പൂർത്തീകരിച്ചതിനുശേഷം ക്രമീകരിക്കാനും നിർദേശം നൽകി. കൂടാതെ ഹർജിക്കാരും സമാന സൊസൈറ്റികളും ഭിന്നശേഷി നിയമനത്തിനായി തസ്തികകൾ മാറ്റിവയ്ക്കണമെന്നും കോടതി നിർദേശിച്ചു. സുപ്രീംകോടതി നിർദേശത്തിനനുസൃതമായി 17-03-2025-ലെ സ.ഉ (കൈ) 43/2025/പൊ.വി.വ നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തു. നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ ജീവനക്കാരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് സമാന സ്ഥിതിയിലുള്ള മറ്റ് മാനേജ്മെന്റ് സ്കൂളുകളിലെ ജീവനക്കാർക്കുകൂടി ബാധകമാക്കുന്ന വിഷയം ഭിന്നശേഷി വിഷയത്തിൽ നിലവിലുള്ള കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും നിയമവകുപ്പിന്റെ അഭിപ്രായവും ലഭ്യമാക്കി സർക്കാർ പരിശോധിക്കുന്നതാണ്.

## (2) പി.എസ്.സി.-ക്കെതിരായ അപഖ്യാതി തടയലും ഉദ്യോഗാർത്ഥികളുടെ ആശങ്ക ക്രമീകരിക്കലും

ശ്രീ. ഐ. ബി. സതീഷ്: സർ, നിലവിൽ പി.എസ്.സി.-യുടെ നിയമന പ്രക്രിയ ആരംഭിക്കുന്നത് പ്രതീക്ഷിത ഒഴിവുകളിലേക്കുള്ള നോട്ടിഫിക്കേഷനിലൂടെയാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമാണ്. എന്നാൽ നിലവിലുള്ള പ്രതീക്ഷിത ഒഴിവുകളുടെ മൂന്നിരട്ടിയോളം ഉദ്യോഗാർത്ഥികളെയാണ് ലിസ്റ്റിൽ ഉൾക്കൊള്ളിക്കുന്നത്. ഇതുണ്ടാക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓരോ വർഷവും വിവിധ വകുപ്പുകളിലേക്ക് വരാൻ സാധ്യതയുള്ള ഒഴിവുകൾ കാലേക്കൂട്ടി കണക്കാക്കി അത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന സ്ഥിതിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയുടെ നിർദേശം അംഗീകരിച്ചുകൊണ്ട് മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

(3) <u>അരൂർ, പെരുമ്പളം, കാക്കത്തുരുത്ത് ദ്വീപുകളിൽനിന്നും ജലമെട്രോ</u>

<u>ശ്രീമതി ദെലീമ</u>: സർ, കൊച്ചിയുടെ ഉപഗ്രഹ നഗരമായി വളർന്നുകൊണ്ടിരിക്കുന്ന അരൂർ മണ്ഡലത്തിലെ നൂറുകണക്കിന് ആളുകൾ തൊഴിലിനും വിദ്യാഭ്യാസത്തിനും മറ്റാവശ്യങ്ങൾക്കുമായി നിത്യവും എറണാകുളത്ത് പോയിവരുന്നവരാണ്. അടിക്കടിയുണ്ടാകുന്ന ഗതാഗതക്കുരുക്കും മറ്റ് തടസ്സങ്ങളും റോഡ് മാർഗമുള്ള യാത്ര പലപ്പോഴും ദുസ്സഹമാക്കുന്നുണ്ട്. പ്രകൃതിരമണീയമായ വേമ്പനാട്ടുകായൽ അതിർവരമ്പ് തീർക്കുന്ന അരൂർ മണ്ഡലത്തിലേക്ക് കൊച്ചി വാട്ടർ മെട്രോ നീട്ടിയാൽ ഇവിടത്തെ ജനങ്ങളുടെ യാത്രാക്ലേശത്തിന് വലിയൊരു അളവുവരെ പരിഹാരമാകും. കേരളത്തിൽ കായലിന് കുറുകെയുള്ള ഏറ്റവും വലിയ പാലമായ പെരുമ്പളം പാലം യാഥാർഥ്യമായതോടുകൂടി കായൽ ടൂറിസത്തിന് പുതിയ ഉണർവുണ്ടായിക്കൊണ്ടിരിക്കുകയാണ്. അരൂർ, അരൂക്കുറ്റി, പാണാവള്ളി, പെരുമ്പളം വഴി വാട്ടർ മെട്രോ കടന്നുപോകുമ്പോൾ യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും കായൽ കാഴ്ചകളുടെ സൗന്ദര്യം

ആസ്വദിച്ച്, ശുദ്ധവായു ശ്വസിച്ച് പോകാൻ സാധിക്കും. ഇത് അനുഭാവപൂർവം പരിഗണിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (4) വിമാന യാത്രാക്കൂലി വർധന

ശ്രീ. പി. ടി. എ. റഹീം: സർ, ഹജ്ജ് യാത്രയ്ക്ക് കാലിക്കറ്റ് എയർപോർട്ട് എംബാർക്കേഷൻ പോയിന്റിൽനിന്ന് മറ്റ് എംബാർക്കേഷൻ പോയിന്റുകളെക്കാൾ 40,000/- രൂപ അധികമായി ഈടാക്കുന്നത് സംബന്ധിച്ചും കേരളത്തിൽനിന്നുള്ള പ്രവാസികളുടെ അവധിക്കാല യാത്രയെ ഏറെ ദോഷകരമായി ബാധിക്കുന്ന അന്താരാഷ്ട്ര വിമാന യാത്രാക്കൂലിയുടെ അനിയന്ത്രിതമായ വർധന സംബന്ധിച്ചും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് എന്റെ സബ്മിഷൻ.

---

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (5) പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡ്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡ് നിർമ്മാണത്തിനായി 92.56 കോടി രൂപയുടെ പ്രൊപ്പോസൽ നേരത്തെതന്നെ അംഗീകരിച്ചതാണ്. അതിൽ മൂന്ന് പാലങ്ങളുടെ ഫിനാൻഷ്യൽ സാങ്ഷൻ ലഭിച്ച് 9.37 കോടി രൂപ അനുവദിക്കുകയും അതിൽ ഒരു പാലം പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. രണ്ടും മൂന്നും പാലങ്ങളുടെ പ്രവൃത്തി ആരംഭിക്കുകയാണ്. 83.19 കോടി രൂപയുടെ അഡീഷണൽ ഫിനാൻഷ്യൽ സാങ്ഷൻ അനുവദിക്കുക എന്നതാണ് ഈ സബ്മിഷൻ വഴി ഉദ്ദേശിക്കുന്നത്. ഹോസ്ദുർഗ് താലൂക്കിനെ വെള്ളരിക്കുണ്ട് താലൂക്കുമായി ബന്ധിപ്പിക്കുന്നതു അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ കടന്നുപോകുന്നതുമായ റോഡാണിത്. അതുകൊണ്ട് ഇത് അടിയന്തരമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(6) ഇടുക്കി പാക്കേജ്

ശ്രീ. എ. രാജ: സർ, ഇടുക്കി ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ ഇടുക്കി പാക്കേജ് അനുവദിക്കുകയും 2022 മുതൽ 75 കോടി രൂപ വീതം ഓരോ വർഷവും അനുവദിക്കുകയും ചെയ്യുന്നുണ്ട്. അതിലൂടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ ഇടുക്കി പാക്കേജിനായി തുക അനുവദിച്ചതുമായി ബന്ധപ്പെട്ടുള്ള പരാമർശം ബജറ്റ് പ്രസംഗത്തിലുണ്ടായില്ല. അതിൽ വ്യക്തത വരുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇടുക്കി, കാസർഗോഡ് പാക്കേജുകൾക്കായി 75 കോടി രൂപ വീതവും വയനാട് പാക്കേജിനായി 85 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അത് ബജറ്റ്

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രസംഗത്തിൽ ഉൾപ്പെടുത്തിയില്ല എന്നേയുള്ളൂ. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കാം.+

## (7) എഴുത്തോംപാറ പാലം നിർമ്മാണം

ശ്രീമതി ശാന്തകുമാരി കെ.: സർ, കോങ്ങാട് നിയോജകമണ്ഡലത്തിലെ കാരാകുറുശ്ശി പഞ്ചായത്തിനെ ഒന്നിപ്പിക്കുന്ന എഴുത്തോംപാറ പാലം 2017-ലെ പ്രളയത്തിൽ തകർന്നുപോയതിനുശേഷം (ചെറിയ നടപ്പാതയായിരുന്നു) കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനുവേണ്ടി അനുമതി നൽകുകയും 2021-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സ്ഥലം സന്ദർശിച്ച് പ്രവർത്തനം നടപ്പാക്കുകയും ചെയ്തതാണ്. തുടർന്ന്, കരാർ കമ്പനിക്കാർ കരാറിൽനിന്നും പിന്മാറിയതിനുശേഷം ഇതുവരെയും അത് നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. ടി പാലത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായി ഒരു കിലോമീറ്റർ ദൂരം ഫ്രീ സറണ്ടറിൽ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. അടിയന്തരമായി അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാവശ്യമാണ്.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

മി. സ്പീക്കർ: യെസ്.........യെസ്........

ശ്രീമതി ശാന്തകുമാരി കെ.: സർ, പ്രധാനപ്പെട്ട വിഷയമാണിത്. പാലം തകർന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിൽപോലും പോകാൻ കഴിയാതെ കിലോമീറ്ററുകളോളം നടന്നുപോകേണ്ട ദുരവസ്ഥയാണുള്ളത്. ഈ മഴക്കാലത്തെങ്കിലും പേടിയില്ലാതെ അതിലൂടെ കടന്നുപോകാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. അതിനായി ടി പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മാർച്ച് മാസത്തിൽത്തന്നെ ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിക്കത്തക്കവിധം നടപടികൾ പുരോഗമിക്കുന്നതായി നിർവഹണ ഏജൻസിയായ കിഫ്ബിയെ കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

## (8) പാനൂർ താലൂക്ക് ആശുപത്രി വികസനം

ശ്രീ. കെ. പി. മോഹനൻ: സർ, പാനൂർ താലൂക്കാശുപത്രിയിൽ ദിവസംതോറും നിരവധി ആളുകൾ കടന്നുവരുന്നതും അറുനൂറ് മുതൽ എഴുനൂറ്

+ അനുബന്ധമായി ചേർക്കുന്നു.

വരെ ഒ.പി.-യുള്ളതുമാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മന്ത്രിയായിരുന്ന സമയത്താണ് അതിന് ഫണ്ട് അനുവദിച്ചത്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. എന്നാലിപ്പോൾ ഭൂമിയുടമ സ്റ്റേ ഓർഡർ നൽകി. നിലവിൽ റിട്ട് പെറ്റീഷൻ തള്ളിയിരിക്കുകയാണ്. അതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കും. അതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ പാനൂർ താലൂക്കാശുപത്രിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം നേരത്തെ പരാതി നൽകിയതാണ്. ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് (ഡി.വി.എസ്.) തയ്യാറാക്കി വേഗത്തിൽ ഏറ്റെടുക്കും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(9) ആനാട്-കുറുപുഴ-പാലോട് കുടിവെള്ള പദ്ധതി

ശ്രീ. ഡി. കെ. മുരളി: സർ, തിരുവനന്തപുരം പ്രോജക്ട് ഡിവിഷന്റെ കീഴിൽ വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ് ആനാട്-കുറുപുഴ-പാലോട്

+ അനുബന്ധമായി ചേർക്കുന്നു.

കുടിവെള്ള പദ്ധതി. ടി പദ്ധതി വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്നതുകൊണ്ട് ശുദ്ധജലത്തിന് ആ പ്രദേശത്തെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഈ പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഗൗരവപൂർവം കാണുന്നുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

## (10) കുളങ്ങൾ നവീകരിക്കൽ

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഗ്രാമീണ മേഖലകളിലെ കുളങ്ങളും ജലാശയങ്ങളുമെല്ലാം സംരക്ഷിച്ചുകൊണ്ട് കൂടുതൽ ജലസംഭരണശേഷി വർധിപ്പിക്കുന്നതിന് നബാർഡിന്റെ സ്കീമുകളിലുൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കാൻ സാധിക്കണം. എന്നാൽ നിലവിലുള്ള വ്യവസ്ഥപ്രകാരം 25 കോടി രൂപയെങ്കിലുമുള്ള പദ്ധതികൾ മാത്രമെ ഏറ്റെടുക്കാവുവെന്നാണ്

+ അനുബന്ധമായി ചേർക്കുന്നു.

പറയുന്നത്. ആ വ്യവസ്ഥപ്രകാരം ഗ്രാമീണ മേഖലകളിലുള്ള ചെറുകിട ജലാശയങ്ങൾ ഏറ്റെടുക്കാൻ സാധിക്കില്ല അതുകൊണ്ട് 25 കോടി രൂപയെന്നതിൽ ഭേദഗതി വരുത്തി ചുരുങ്ങിയത് 5 കോടി രൂപയെന്നാക്കി മാറ്റുകയോ അല്ലെങ്കിൽ വിവിധങ്ങളായ പ്രോജക്ടുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു യൂണിറ്റ് എന്ന നിലയ്ക്ക് 25 കോടി രൂപയോ അതിലധികം സംഖ്യയോ വകയിരുത്തിക്കൊണ്ട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നബാർഡ് വ്യവസ്ഥയിൽ മാറ്റം വരുത്താൻ കഴിയുമോയെന്ന് പരിശോധിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യം ആ നിലയിൽത്തന്നെ ആലോചിക്കുന്നുണ്ട്. നബാർഡിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. അതുതന്നെയാണ് വകുപ്പും ആവശ്യപ്പെടുന്നത്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

## (11) വാഴാനി ജലസേചന പദ്ധതി

+ അനുബന്ധമായി ചേർക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, 1959-ൽ പൂർത്തീകരിച്ച വാഴാനി ജലസേചന പദ്ധതി മൂന്ന് നിയോജകമണ്ഡലങ്ങളിലെ ജനങ്ങളുടെ കാർഷിക കുടിവെള്ള ആവശ്യങ്ങൾക്കുള്ള പ്രധാനപ്പെട്ട ജലസ്രോതസ്സാണ്. 2018-ലെ പ്രളയവും തുടർവർഷങ്ങളിലെ അതിവർഷവുംമൂലം പുഴയിലെ ചിറകളും മെയിൻ കനാലും ബ്രാഞ്ച് കനാലുകളും തകർച്ചയിലാണ്. അവ ഇടിഞ്ഞ് തുടങ്ങിയിരിക്കുന്നു. ചെളിയും മണ്ണും നീക്കം ചെയ്ത് കൈയേറ്റങ്ങൾ ഒഴിവാക്കി പുഴ വീതികൂട്ടേണ്ടതായിട്ടുണ്ട്. വടക്കാഞ്ചേരി നഗരത്തിലെ നിരന്തരമായ വെള്ളക്കെട്ട് ഒഴിവാക്കണം. ഇതുമായി ബന്ധപ്പെട്ട് മന്ത്രി ഉദ്ഘാടനം ചെയ്തൊരു പ്രോജക്ടുണ്ട്. അത് ഈ വേനൽക്കാലത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സ്പോട്ട് ഓക്ഷൻ വഴി മണ്ണ് നീക്കം ചെയ്യാൻ ടെൻഡർ വിളിക്കണം. മെയിന്റനൻസ് തുക വർധിപ്പിക്കുകയും തോളൂർ ചിറയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്യണം. ഡാമിൽ ഭൂകമ്പമാപിനി സ്ഥാപിക്കണം. റിവർ ടൂറിസം സാധ്യമാക്കണം. ഈ ജലസേചന പദ്ധതിക്ക് കൂടുതൽ തുക അനുവദിക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യങ്ങൾ തീർച്ചയായും പരിഗണിക്കുന്നതാണ്. പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(12) ഒറ്റശേഖരമംഗലത്ത് 110 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മലയോര മേഖലയിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. കിഴക്കൻമല കുടിവെള്ള പദ്ധതി, കാളിപ്പാറ കുടിവെള്ള പദ്ധതി എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായതിനാൽ നിലവിൽ കുടിവെള്ള പമ്പുകൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നില്ല. ഇവ പരിഹരിക്കുന്നതിനുവേണ്ടി ഒറ്റശേഖരമംഗലം കേന്ദ്രീകരിച്ച് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

+ അനുബന്ധമായി ചേർക്കുന്നു.

അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സി. കെ. ഹരീന്ദ്രൻ എം.എൽ.എ. ഉന്നയിച്ച പ്രശ്നത്തിൽ ഒറ്റശേഖരമംഗലത്തുനിന്നും 2.2 കിലോമീറ്റർ ദൂരത്തിൽ ഒരു പദ്ധതിക്കുള്ള വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ആ പ്രോജക്ട് ലഭിച്ചാലുടൻതന്നെ മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(13)സമരത്തിൽ പങ്കെടുത്തവർക്കെതിരായ നിയമനടപടി ഒഴിവാക്കൽ

ശ്രീ. ആന്റണി ജോൺ: സർ, ആലുവ-മൂന്നാർ രാജപാത ജനങ്ങൾക്ക് യാത്രക്കായി തുറന്നുകൊടുക്കണമെന്നും രാജപാതയുടെ വിഷയവുമായി ബന്ധപ്പെട്ട് ഏറ്റവും ഒടുവിലായി ഈ മാസം 16-ന് പൂയംകുട്ടിയിൽ നടന്ന വലിയ ജനകീയ മുന്നേറ്റത്തിന് നേതൃത്വം നൽകിയ അഭിവന്ദ്യ എമിരിറ്റസ് മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ പേരിലും ആ മണ്ഡലത്തിലെ

+ അനുബന്ധമായി ചേർക്കുന്നു.

എം.എൽ.എ.-യായ എന്റെ പേരിലും ഇടുക്കി എം.പി. അഡ്വ. ഡീൻ കുര്യാക്കോസിന്റെ പേരിലുമുൾപ്പെടെ ജനപ്രതിനിധികളുടെയും പൊതു പ്രവർത്തകരുടെയും വൈദികരുടെയുമെല്ലാം പേരിലെടുത്തിട്ടുള്ള കേസ്സുകൾ വനം വകുപ്പ് പിൻവലിക്കണമെന്നും ഈ രാജപാത തുറന്ന് നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്. ഈ വിഷയം നിരവധി തവണ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ ഒൻപത് വർഷക്കാലം ഞാനും എനിക്കുമുമ്പുള്ള ജനപ്രതിനിധികളും ഈ വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുള്ളതാണ്. ഇന്ന് രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് മൂന്നാർ. അതുകൊണ്ട് ഇതിനുവേണ്ടിയിട്ടുള്ള ഇടപെടലുകൾ അടിയന്തരമായുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട ആന്റണി ജോൺ എം.എൽ.എ.-യ്ക്കൊപ്പം നേരത്തെ ശ്രീ. എ. രാജ എം. എൽ. എ.-യും ഇക്കാര്യം എന്റെ

ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുക മാത്രമെ വനം വകുപ്പ് ചെയ്തിട്ടുള്ളൂവെന്ന റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. ഇവരുടെ ഭാഗത്തുനിന്നും നിയമവിരുദ്ധമായ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കാനും കേസ് വിശദമായി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനും നിർദേശം നൽകിയിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(14) പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. റോജി എം. ജോൺ: സർ, കേരളത്തിന്റെ പ്ലാന്റേഷൻ മേഖല അതീവഗുരുതരമായ പ്രതിസന്ധിയിലാണ്. ഈ മേഖലയിലേക്ക് പുതുതായി ഒരു തൊഴിലാളിയും കടന്നുവരാത്തതിനാൽ പണിയെടുക്കാൻ ആളുകളെ ലഭിക്കാത്ത അവസ്ഥയാണുള്ളത്. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും നിരന്തരമായ വന്യജീവി ആക്രമണവുമെല്ലാം ഈ മേഖലയിലെ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. ഈ മേഖലയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട്

+ അനുബന്ധമായി ചേർക്കുന്നു.

നൽകിയിട്ടുള്ള ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ റിപ്പോർട്ടിന്മേലുള്ള ശിപാർശകളിൽ പലതും ഇതുവരെ നടപ്പാക്കിയിട്ടില്ല. കാലപ്പഴക്കം ചെന്ന ലയങ്ങൾ പൊളിച്ചുമാറ്റി ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനും തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം നടപ്പാക്കുന്നതിനും കാലാനുസൃതമായി അവരുടെ വേതനം പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. ഈ മേഖലയിൽ 700 രൂപ കൂലി ഉറപ്പുവരുത്തുമെന്ന് സർക്കാർ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതാണ്. അതുപോലെ, പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേരുന്നത് വളരെ അപൂർവമായിട്ടാണ്. നിരവധിയായിട്ടുള്ള ശിപാർശകൾ ഈ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ നൽകിയിട്ടുണ്ട്. അത് നടപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുകൊണ്ട് അക്കാര്യങ്ങളിൽ ഗൗരവമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

നിയമം വ്യവസായം കയർ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ

ശിപാർശയുടെയും ആസൂത്രണ ബോർഡിന്റെ ഓണററി കൺസൽട്ടന്റായ ശ്രീ. വി. നമശിവായം സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുള്ളത്. അതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(15)കായംകുളം മുനിസിപ്പാലിറ്റി 'എ' ഗ്രേഡ് ആയി ഉയർത്തൽ

ശ്രീമതി യു. പ്രതിഭ: സർ, കേരളത്തിൽ രൂപീകൃതമായ ആദ്യകാല മുനിസിപ്പാലിറ്റികളിലൊന്നായ കായംകുളം മുനിസിപ്പാലിറ്റി നിലവിൽ ശതാബ്ദിയുടെ നിറവിലാണ്. എൺപതിനായിരത്തിലധികം ജനസംഖ്യയും 44 വാർഡും 21.79 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണവുമുള്ള മധ്യതിരുവിതാംകൂറിലെ പ്രധാനപ്പെട്ട ഒരു വാണിജ്യ നഗരംകൂടിയായ കായംകുളത്തെ നൂറിലേറെ വർഷം പഴക്കമുള്ള ടി മുനിസിപ്പാലിറ്റി വരുമാനത്തിലും മുന്നിലാണ്. പക്ഷേ ഇപ്പോഴും അത് 'ബി' ഗ്രേഡായിട്ടാണ് നിൽക്കുന്നത്. ഈ നഗരസഭയെ 'എ' ഗ്രേഡ് പട്ടികയിൽ ഉയർത്തി നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

---

\+ അനുബന്ധമായി ചേർക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

## (16) പൊതുസ്ഥലങ്ങളിൽ പരസ്യ ബോർഡ്

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ആയിരക്കണക്കിന്, സൈൻ പ്രിന്റിംഗ് രംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാരുടെ ജീവിതം വഴിമുട്ടിനിൽക്കുകയാണ്. പൊതുസ്ഥലങ്ങളിൽ ഒരു പ്രചാരണ ബോർഡ് സ്ഥാപിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പരസ്യമേഖലയിലെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള സമഗ്രനിയമം കൊണ്ടുവരുമോയെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

+ അനുബന്ധമായി ചേർക്കുന്നു.

നേരത്തെ ഇതുസംബന്ധിച്ചകാര്യം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

(17) കരുനാഗപ്പള്ളി തെങ്ങ് ഗവേഷണ കേന്ദ്രം

ശ്രീ. സി. ആർ. മഹേഷ്: സർ, കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിനുകീഴിൽ വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് കരുനാഗപ്പള്ളി പുതിയകാവ്, ചിറ്റുമൂലയിൽ പ്രവർത്തിക്കുന്ന തെങ്ങ് ഗവേഷണ കേന്ദ്രം. സാധാരണക്കാരായ തൊഴിലാളികളാണ് അവിടെ കാഷ്വൽ തൊഴിലാളികളായി ജോലി ചെയ്യുന്നത്. പത്തൊൻപത് തൊഴിലാളികളുള്ളതിൽ രണ്ടുപേർ പുരുഷൻമാരും പതിനേഴുപേർ സ്ത്രീകളുമാണ്. 2004-ൽ ജോലിയിൽ പ്രവേശിച്ച ഇവരെ 2009 സെപ്റ്റംബർ 24-ന് കാഷ്വൽ തൊഴിലാളികളാക്കി. ഇപ്പോൾ ആറുപേരെ കൊട്ടാരക്കര ഫാമിലും ആറുപേരെ കടയ്ക്കൽ ഫാമിലും മൂന്ന് മാസത്തേയ്ക്ക് താൽക്കാലികമായി നിയമിച്ചിരിക്കുകയാണ്. അവരെ ഇവിടെത്തന്നെ സ്ഥിരമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. തഴവയിലെ ചീര കൃഷിയെ

+ അനുബന്ധമായി ചേർക്കുന്നു.

സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രിയായ അങ്ങേയ്ക്ക് നല്ലതുപോലെ അറിയാവുന്നതാണ്. അതുപോലെ, തഴപ്പായ വ്യവസായത്തിന്റെ ഒരു കേന്ദ്രം തഴവയിലാണ് സ്ഥിതി ചെയ്യുന്നത്. തളിർവെറ്റില കൃഷി ചെയ്യാൻ യോജിച്ച പ്രദേശമാണത്. ഇത്തരത്തിലുള്ള സാഹചര്യങ്ങളൊരുക്കി തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുകയും അവരെ സ്ഥിരപ്പെടുത്തുകയും അവരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കരുനാഗപ്പള്ളിയിലെ ഫാമിനെ പൂർണ്ണസജ്ജമാക്കുന്നതിനും അവിടെ ഒരിഞ്ചു ഭൂമിപോലും കൃഷിക്ക് ഉപയോഗിക്കാത്ത രീതിയിലും മാറ്റിനിർത്തപ്പെടാൻ പാടില്ലാത്ത തരത്തിലും അതായത്, പൂർണ്ണമായും വിനിയോഗിക്കുന്ന തരത്തിൽ അലങ്കാര സസ്യങ്ങൾ, കൂൺകൃഷി എന്നിവയുൾപ്പെടെ നടത്തിക്കൊണ്ട് മുഴുവൻപേർക്കും ജോലി നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നതാണ്. +

(18) മലപ്പുറം ആർ.ടി. ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം

\+ അനുബന്ധമായി ചേർക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം വളരെ ശോച്യാവസ്ഥയിലാണ്. വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കെട്ടിടമാണത്. അടിസ്ഥാനസൗകര്യങ്ങൾ പരിമിതമായതിനാൽ പൊതുജനങ്ങൾക്കും വാഹനയുടമകൾക്കും അപകടകരമായ അവസ്ഥയിലാണ് സേവനങ്ങൾ ലഭിക്കുന്നത്. നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ 2017-18 വർഷത്തെ ബജറ്റിൽ തുക അനുവദിക്കുകയും അടങ്കൽ തുകയായ 2 കോടി രൂപയുടെ 20 ശതമാനമായ 40 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ സ്ഥലമെടുപ്പ് നടപടികൾ അനന്തമായി നീണ്ടുപോയതിനാൽ കെട്ടിട നിർമ്മാണം നാളിതുവരെയും ആരംഭിച്ചിട്ടില്ല. ഇപ്പോൾ രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള കൈമാറ്റ വ്യവസ്ഥയിൽ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽത്തന്നെ നിലനിർത്തി മോട്ടോർ വാഹന വകുപ്പിന് മുപ്പത് സെന്റ് ഭൂമിയുടെ കൈവശാവകാശം നൽകി 19-02-2025-ലെ സർക്കാർ ഉത്തരവ് 45/2025/ആർ.ഡി. നമ്പർ പ്രകാരം റവന്യൂ വകുപ്പ് ഉത്തരവായിരിക്കുന്നു. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള, വാഹനങ്ങളുടെ എണ്ണം

ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുന്ന മലപ്പുറം ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പുതിയ ആർ.ടി. ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ നടപടികൾ ഉടൻ ആരംഭിക്കണമെന്ന് അഭ്യർഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, പ്രസ്തുത ഓഫീസിന് ധാരാളം പരിമിതികളുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. റവന്യൂ വകുപ്പിൽനിന്നും 30 സെന്റ് സ്ഥലം മോട്ടോർ വാഹന വകുപ്പിന് ഉപയോഗിക്കാൻവേണ്ടി നൽകിയിട്ടുണ്ട്. ഈ സ്ഥലത്ത് മനോഹരമായ ഒരു ആധുനിക ഓഫീസ് രൂപകൽപന ചെയ്യാൻ പി.ഡബ്ല്യൂ.ഡി. ബിൽഡിങ്സ് വിഭാഗത്തിന് നിർദേശം നൽകിയിട്ടുണ്ട്. അവരത് തയ്യാറാക്കി നൽകിയാലുടൻ പരിശോധിക്കും. ഇതിനായി ഇത്തവണത്തെ ബജറ്റ് ശീർഷകത്തിൽ ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഡിസൈൻ ലഭിച്ചാലുടൻ അഡ്മിനിസ്ട്രേറ്റീവ് ആതറൈസേഷൻ വാങ്ങി പണികൾ ആരംഭിക്കാവുന്നതാണ്. പ്രസ്തുത ഓഫീസിനായി 20 ശതമാനം തുക മുമ്പത്തെ ബജറ്റിൽ വകയിരുത്തിയിരുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചാൽ അക്കാര്യം

പരിശോധിക്കാവുന്നതാണ്. ഡിസൈൻ വരച്ചുകിട്ടിയാലുടൻ ഒരു തടസ്സവുംകൂടാതെ ഓഫീസിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതാണ്.

(19) വിരമിച്ച കപ്പൽ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിൽ റിട്ടയർ ചെയ്ത 48,000 കപ്പൽത്തൊഴിലാളികളുണ്ടെന്നാണ് കണക്ക്. അവരുടെ ദുരിതപൂർണ്ണമായ ജീവിതത്തിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ പതിയുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഈ സബ്മിഷൻ അവതരിപ്പിക്കുന്നത് ഒരു നിമിത്തമായിരിക്കാം. ഇന്ന് നമ്മുടെ മുമ്പിലേയ്ക്ക് കടന്നുവന്നിട്ടുള്ളത് വേദനിപ്പിക്കുന്ന ഒരു വാർത്തയാണ്. മലയാളികളുൾപ്പെടെയുള്ള ജോലിക്കാരുമായി ആഫ്രിക്കയിലെ ലോമോ തുറമുഖത്തുനിന്നും കാമറൂണിലേയ്ക്ക് പുറപ്പെട്ട ചരക്കുകപ്പൽ കടൽക്കൊള്ളക്കാർ റാഞ്ചിയതായിട്ടുള്ള വാർത്തയാണ് അത്. ബേക്കൽ പനയായിലെ രജീന്ദ്രൻ, കൊച്ചിയിലെ മറ്റൊരു സഹോദരൻ എന്നിവർ തടവിലാക്കിയവരിൽ ഉൾപ്പെട്ടുമെന്നാണ് പറയപ്പെടുന്നത്. 1979-ലെ കൈരളി കപ്പലിന്റെ കഥയൊന്നും സമയമില്ലാത്തതുകൊണ്ട് ഞാൻ ഇവിടെ

സൂചിപ്പിക്കുന്നില്ല. ഗൾഫ് നാടിന്റെ സാധ്യതകൾ നമ്മുടെ മുമ്പിൽ തുറക്കുന്നതിനുമുമ്പ്, വികസനം, പണം, സുഗന്ധദ്രവ്യം എന്നിവ എന്താണെന്നറിഞ്ഞത് കപ്പൽത്തൊഴിലാളികൾ മുഖേനയാണ്. അവരുടെ ജീവിതം ഇന്ന് ദുരിതപൂർണ്ണമാണ്. പ്രായമേറയായിട്ടും അവർ കാവൽക്കാരായി ജോലി ചെയ്യുന്നു. അവർക്കുവേണ്ടി.......

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി(ശ്രീ. വി. എൻ. വാസവൻ): സർ, ഇവിടെ ഉന്നയിച്ച പ്രശ്നം പെൻഷന്റേതാണ്. അദ്ദേഹം കടൽക്കൊള്ളയെക്കുറിച്ചാണ് പരാമർശിക്കുന്നത്. രണ്ട് കാര്യങ്ങളും തമ്മിൽ ബന്ധമുള്ളതല്ല. ഇതുസംബന്ധിച്ച വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## (20) പൂരങ്ങളെ തുടർന്നുള്ള വെടിക്കെട്ടിന് ഇളവ്

ശ്രീ. കെ. പ്രേംകുമാർ: സർ, വള്ളുവനാട്ടിലെ ഒറ്റപ്പാലം പ്രദേശങ്ങളിൽ പൂരങ്ങളോടനുബന്ധിച്ച് നടന്നുവന്നിരുന്ന ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുന്ന വെടിക്കെട്ടിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ ഇളവ് ലഭിക്കണമെന്നതാണ് പ്രസ്തുത സബ്മിഷന്റെ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഭാഗമായി ഉന്നയിക്കുന്നത്. പ്രത്യേകമായി തുടങ്ങിയതല്ലാതെ എത്രയോ വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന വ്യത്യസ്തങ്ങളായ ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായുള്ള ചെറിയ വെടിക്കെട്ടിന് അനുമതി ലഭിക്കാത്ത സാഹചര്യം സംഘാടകർക്കും കമ്മിറ്റി ഭാരവാഹികൾക്കുമെല്ലാം വലിയതോതിലുള്ള പ്രയാസം സൃഷ്ടിക്കുകയാണ്. അത് പരിഹരിക്കുന്നതിനാവശ്യമായ മുൻകൈയുണ്ടാകണമെന്ന് ഈ സബ്മിഷന്റെ ഭാഗമായി വളരെ വിനയത്തോടുകൂടി ആവശ്യപ്പെടുകയാണ്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള PESO (Petroleum & Explosives Safety Organization)-യുടെ പുതിയ മാർഗനിർദേശം അനുസരിച്ച് മാത്രമേ ഇതിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇതുസംബന്ധിച്ച വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

## (21) പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, 19-07-2023-ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാൻ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കണമെന്നും അത് ലഭിച്ചില്ലെങ്കിൽ നിയമനം റദ്ദ് ചെയ്യണമെന്നും നിർബന്ധമാക്കിയിരിക്കുന്നു. ഒരു പെറ്റി കേസ് ഉണ്ടെങ്കിലും പോലീസ് ക്ലിയർനസ് സർട്ടിഫിക്കറ്റ് ലഭിക്കുകയില്ല. മഞ്ചേരി KAHM Unity Women's College-ൽ സാധിക് പൂളമഠത്തിൽ എന്ന ഉദ്യോഗാർത്ഥിയെ ഓഫീസ് അസിസ്റ്റന്റായി നിയമിച്ചു. പോലീസിൽനിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചില്ല. ഡോ. കെ. ടി. ജലീൽ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് പൊതുസമരത്തിന്റെ ഭാഗമായി കരിങ്കൊടി കാണിച്ചുവെന്നായിരുന്നു ടി ഉദ്യോഗാർത്ഥിക്കെതിരായ കേസ്. അത് പിൻവലിക്കാൻ സമ്മതമാണെന്ന് ഡോ. കെ. ടി. ജലീൽ എഴുതിത്തന്നെങ്കിലും സർക്കാർ സ്വീകരിച്ചില്ല. ശ്രീ. എം. വി. രാഘവൻ മന്ത്രിയായിരുന്ന സമയത്ത് എത്രമാത്രം സമരങ്ങളാണ് അദ്ദേഹത്തിന്റെ കാറിനുമുന്നിൽക്കിടന്ന്

നടത്തിയത്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി, മലപ്പുറം ജില്ലയുടെ മരുമകളല്ലേ; എസ്.എഫ്.ഐ. പ്രവർത്തകയായിരുന്ന സമയത്ത് ധാരാളം സമരങ്ങളിൽ പങ്കെടുത്തിട്ടില്ലേ; ബ്രിട്ടീഷുകാർപോലും നടപ്പാക്കാൻ മടിച്ച ഏറ്റവും പ്രാകൃതമായ ഈ കരിനിയമം പിൻവലിക്കണമെന്ന് കേരളത്തിലെ മുഴുവൻ ഉദ്യോഗാർഥികൾക്കുംവേണ്ടി, ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പ്, മറ്റുപല വകുപ്പുമന്ത്രിമാരോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(22) പൊതുപ്രവേശന പരീക്ഷയിലെ ആശയക്കുഴപ്പം

ശ്രീ. ടി. സിദ്ദിഖ്: സർ, 08-07-2023-ലെ 109/23 പൊതുഭരണ ഉത്തരവുപ്രകാരം സംവരണേതര വിഭാഗത്തിൽപ്പെട്ട EWS സംവരണത്തിനായുള്ള പട്ടികയിലെ 163-ാം ക്രമനമ്പരിൽ സൂചിപ്പിച്ച ക്രിസ്റ്റ്യൻ വിഭാഗത്തിലെ സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വാക്ക് 'സീറോ മലബാർ സിറിയൻ കാത്തലിക്' എന്നാക്കി മാറ്റുകയുണ്ടായി. നേരത്തെ കുട്ടികളുടെ സർട്ടിഫിക്കറ്റിൽ ആർ.സി./ആർ.സി.എസ്.സി. എന്നാണ് രേഖപ്പെടുത്തിയിരുന്നത്. അങ്ങനെ മാറ്റിയതുകൊണ്ട് സംസ്ഥാനത്തെയും രാജ്യത്തെയും പൊതുപ്രവേശന പരീക്ഷയിൽ മുഴുവൻ സീറോ മലബാർ സിറിയൻ കാത്തലിക് എന്ന പേരിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് മുഴുവൻ കുട്ടികളും ഇതിന്റെ പ്രയാസങ്ങൾ നേരിടുകയാണ്. പല കുട്ടികൾക്കും അവസരം നഷ്ടപ്പെടുന്ന സാഹചര്യവുമുണ്ട്. അതുകൊണ്ട് പൊതുപ്രവേശന പരീക്ഷാ നടത്തിപ്പ് വിഭാഗത്തിന് സീറോ മലബാർ സിറിയൻ കാത്തലിക് എന്ന പേര് ഉൾപ്പെടുത്താനുള്ള നിർദേശം നൽകണം. വില്ലേജ് ഓഫീസറുടെ One and Same Certificate മതിയെന്ന് ചിലർ പറയും. അതിനുവേണ്ടി ഈ കുട്ടികൾ ബുദ്ധിമുട്ടണോ; അതുകൊണ്ട് അത് ഒഴിവാക്കി ഇതിനാവശ്യമായ കൃത്യമായിട്ടുള്ള നിലപാടുണ്ടാകണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സംവരണേതര

വിഭാഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചതിൽ 163-ാം ക്രമനമ്പരായി ഉണ്ടായിരുന്ന സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിനുപകരം സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റണമെന്നാവശ്യപ്പെട്ട് സീറോ മലബാർ ആർച്ച് ബിഷപ് നിവേദനം സമർപ്പിക്കുകയും, പ്രസ്തുത നിവേദനത്തിന്മേൽ കമ്മിഷനിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് പൊതുഭരണ വകുപ്പ് സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റം വരുത്തിയിട്ടുള്ളത്. അതേസമയം പ്രവേശന പരീക്ഷാ കമ്മീഷണർ വിവിധ കോഴ്സുകൾക്കായി ക്ഷണിക്കുന്ന ഓൺലൈൻ അപേക്ഷകളിൽ സംവരണേതര വിഭാഗങ്ങളെ ജനറൽ എന്നോ ബാധകമെങ്കിൽ EWS എന്നോ.... വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.[+]

## (23) ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: സർ, പതിനെട്ട് വയസ്സിനുമുകളിൽ പ്രായമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സംബന്ധിച്ചാണ് പ്രസ്തുത സബ്മിഷൻ. സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നിലവിൽ പരിശീലനത്തിനുള്ള സ്ഥാപനങ്ങൾക്ക് സഹായം നൽകുകയും ഇതര വിഭാഗങ്ങളെ ഒരു ക്ലസ്റ്ററായി പരിഗണിക്കുകയും ചെയ്യണം. കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാൻഡ് ലഭിക്കുന്നതിന് ഡി.ഡി.ആർ.എസ്. ഗ്രാൻഡുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥിയുടെ പ്രായപരിധി 23 വയസ്സാണ്. കേരളത്തിന്റെ ഗ്രാൻഡ് ലഭിക്കുന്ന സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്രായപരിധി 18 വയസ്സിൽനിന്ന് 23 വയസ്സായി ഉയർത്തുക, 'നിരാമയ' ഇൻഷ്വറൻസ് പ്രീമിയം സർക്കാർ അടയ്ക്കുക, ഈ വിഭാഗത്തിലുള്ള കുട്ടികൾക്ക് 25 ശതമാനം അധിക സാമൂഹിക സുരക്ഷാ പെൻഷൻ അനുവദിക്കുക, 8 കുട്ടികളുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുക, മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും ഉടൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, തങ്ങൾക്കുശേഷം മക്കളെ ആര് നോക്കുമെന്നുള്ള ആശങ്കയിൽ കഴിയുന്ന ഈ വിഭാഗത്തിലെ

രക്ഷാകർത്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് സർക്കാർ നടപടിയെടുക്കുക എന്നിവയാണ് പ്രസ്തുത സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സമാന സബ്മിഷന് ഇതിനുമുമ്പും ഞാൻ സഭയിൽ മറുപടി നൽകിയതാണ്. 'അതിജീവനം' 'പ്രചോദനം' എന്നീ പദ്ധതികളിലൂടെ വൊക്കേഷണൽ ട്രെയിനിങ് നൽകി തൊഴിലിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(24) അധ്യാപകർക്ക് നിയമനാംഗീകാരവും സാമ്പത്തികാനുകൂല്യവും നൽകൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ശമ്പളംപോലുമില്ലാതെ വർഷങ്ങളായി നിയമനാംഗീകാരം കാത്തുകഴിയുന്നത് പതിനായിരത്തിലേറെ അധ്യാപകരാണ്. ഒരു നിയമനത്തിന്റെ നിസാരപ്രശ്നങ്ങൾ കാരണം പിന്നാലെ നിയമിക്കപ്പെടുന്ന ആർക്കും അംഗീകാരം നൽകുന്നില്ല. ഇതുകാരണം നിയമനാംഗീകാരവും

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശമ്പളവും ലഭിക്കാത്തവർ നാലായിരത്തിലധികം പേരുണ്ട്. 2016-മുതൽ 2021 വരെ അധ്യാപക നിയമനം സർക്കാർ നൽകിയത് മുൻകാല പ്രാബല്യമില്ലാതെയാണ്. 06-02-2023 മുതൽ അംഗീകാരവും ശമ്പളവും നൽകുകയും അതിനുമുന്നേ അഞ്ചുവർഷം ജോലി ചെയ്തത് ഒരുരൂപപോലും നൽകിയിട്ടില്ല. 1:1 പ്രകാരം ബഹുമാനപ്പെട്ട കോടതിവിധികളുടെ അടിസ്ഥാനത്തിൽ അന്തിമവിധിക്കുവിധേയമായി സംരക്ഷിത അധ്യാപകരെ നിയമിക്കാവുന്ന സാക്ഷ്യപത്രം നൽകിയെങ്കിലും നിയമന തീയതി മുതൽ അംഗീകാരം നൽകാതെ നീട്ടിക്കൊണ്ടുപോകുന്ന പ്രയാസമുണ്ടാക്കുന്നുണ്ട്. കെ.ഇ.ആർ. ഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകിയതുവഴി 03-12-2016-ലെ 199/2016-ലെ കെ.ഇ.ആർ. ഭേദഗതിക്കുമുന്നേ 2015 ജൂൺ ഒന്ന് മുതൽ ഡിസംബർ 3-വരെയുള്ള കാലയളവിൽ നിയമിതരായ അധ്യാപകർക്ക് നിയമിതരായ സമയം മുതൽ ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക ആനുകൂല്യം ഉപാധികൾക്കുവിധേയമായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചെങ്കിലും അത് അനുവദിക്കാൻ നടപടിയുണ്ടാകണം. അതുപോലെ സർക്കാർ അടിയന്തരമായി ഇടപെട്ടുകൊണ്ട് കേന്ദ്ര വിദ്യാഭ്യാസ നിയമം, കേരള വിദ്യാഭ്യാസ ചട്ടങ്ങളും

നിയമങ്ങളും അനുസരിച്ച് നിയമനം ലഭിച്ചിട്ടുള്ള മുഴുവൻ അധ്യാപകർക്കും അനധ്യാപകർക്കും അംഗീകാരവും ശമ്പളവും നൽകാൻ നടപടിയുണ്ടാകണം.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(25) ദേശമംഗലം ഐ.ടി.ഐ.-യിലെ പഠനസൗകര്യം

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ദേശമംഗലം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഏകദേശം 2.37 ഏക്കർ സ്ഥലത്ത് പുതിയൊരു കെട്ടിടം നിർമ്മിച്ച് നിലവിലുള്ള രണ്ട് ട്രേഡിന് പുറമെ അഞ്ച് ട്രേഡ് കൂടി തുടങ്ങാനുള്ള സൗകര്യം ഇപ്പോഴുണ്ട്. അവിടെ നിലവിൽ ഇലക്ട്രീഷൻ, ഡ്രാഫ്റ്റ്സ്മാൻ കോഴ്സുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. 100 ശതമാനം വിജയവും പ്ലേസ്മെന്റും നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഓൺലൈൻ വഴി ഏകദേശം 5000 അപേക്ഷകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സ്ഥാപനങ്ങൾ തൃശ്ശൂർ ജില്ലയ്ക്കകത്തും സംസ്ഥാനത്തിന്റെ മറ്റിടങ്ങളിലുമുണ്ട്. എന്റെ അന്വേഷണത്തിൽ പല സ്ഥാപനങ്ങളിലും കോഴ്സുകളുണ്ടായിട്ടും അവിടെ

---

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സീറ്റൊഴിഞ്ഞ് കിടക്കുന്ന അവസ്ഥയുണ്ട്. നിലവിൽ തൃശ്ശൂർ-ചാലക്കുടിയിൽ വനിതാ ഐ.ടി.ഐ.-ലും ജനറൽ ഐ.ടി.ഐ.-ലും 48 സീറ്റുകളുണ്ടെങ്കിലും 6 മുതൽ 15 അപേക്ഷകൾ മാത്രം ലഭിക്കുന്നൊരവസ്ഥയുണ്ട്. നിലവിൽ അത്തരം കോഴ്സുകൾ തസ്തികയോടുകൂടി സൗകര്യമുള്ള സ്ഥലത്തേയ്ക്ക് ഷിഫ്റ്റ് ചെയ്യാൻ സാധിക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇതുസംബന്ധിച്ച മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

(26) മണത്തല സ്കൂളിന്റെ കെട്ടിട നിർമ്മാണം

ശ്രീ. എൻ. കെ. അക്ബർ: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അഞ്ച് കോടി രൂപ ഉപയോഗിച്ച് ചാവക്കാട് മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കെട്ടിടം, ടോയിലെറ്റ് ബ്ലോക്ക് എന്നിവ നിർമ്മിക്കാൻ 21-08-2017-ൽ ഭരണാനുമതി ലഭിച്ചിരുന്നു. സർക്കാരിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ KITE (Kerala

---

\+ അനുബന്ധമായി ചേർക്കുന്നു.

Infrastructure & Technology for Education)-ന് ആയിരുന്നു ഇവയുടെ നിർമ്മാണ ചുമതല. ശ്രീശൈലം എന്ന കരാർ കമ്പനി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തെങ്കിലും നിർമ്മാണം പൂർത്തിയാക്കിയില്ല. പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിനെത്തുടർന്ന് KITE-നെ ചുമതലയിൽനിന്നും മാറ്റി KITCO Limited (Kerala Industrial & Technical Consultancy Organisation)- എന്ന സ്ഥാപനത്തെ ചുമതലയേൽപ്പിച്ച് പ്രവൃത്തി റീടെണ്ടർ ചെയ്തു. 2025 ജനുവരി 4-ന് ടെണ്ടർ അംഗീകരിച്ചിട്ടും നിർമ്മാണം ഇതുവരെ തുടങ്ങിയിട്ടില്ല. എസ്.എസ്.എൽ.സി.-ക്ക് നൂറ് ശതമാനം വിജയം ലഭിക്കുന്ന, തീര പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ മക്കളുൾപ്പെടെ ആയിരക്കണക്കിന് കുട്ടികളുടെ പഠനത്തിന് ക്ലാസ് മുറികളില്ലാത്തതിനെത്തുടർന്ന് വലിയ പ്രയാസം നേരിടുന്നു. അതുകൊണ്ട് അടിയന്തരമായി നടപടിക്രമം പൂർത്തിയാക്കി കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിക്കണമെന്നും ജൂൺ-1-ന് സ്കൂൾ തുറക്കുന്നതിനുമുമ്പ് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വർക്ക് ഉടൻതന്നെ അവാർഡ് ചെയ്യാൻ കഴിയുന്ന സാഹചര്യമുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(27) വെഹിക്കുലർ അണ്ടർപാസ് മാറ്റിസ്ഥാപിക്കുന്നത് സംബന്ധിച്ച്

ഡോ. സുജിത് വിജയൻപിള്ള: സർ, ചവറ മണ്ഡലത്തിലെ നീണ്ടകര പഞ്ചായത്തിൽ വേട്ടുതറ ജംഗ്ഷനിൽ പുതുതായി അനുവദിച്ച VUP (Vehicular UnderPass) ഒരു കിലോമീറ്റർ മാറി സ്ഥാപിക്കാനാണ് എൻ.എച്ച്.എ.ഐ. ഉദ്ദേശിക്കുന്നത്. വേട്ടുതറ ജംഗ്ഷൻ ജില്ലയിലെ പ്രധാന റോഡാണ്. കൂടാതെ തെക്കുംഭാഗം, തേവലക്കര, കുന്നത്തൂർ അടക്കം കൊല്ലത്തുനിന്നും അട്ടൂരിലേക്ക് പെട്ടെന്ന് പോകുന്നൊരു പാതയാണ്. അവിടെനിന്നും ചെയിൻ സർവീസ് അടക്കം നിരവധി ബസുകളും കേരളത്തിലെ ഏറ്റവും വലിയ ഹാർബറായ നീണ്ടകര ഹാർബറുമായി ബന്ധപ്പെട്ടുള്ള അനുബന്ധ തൊഴിലാളികളടക്കമുള്ളവർ സഞ്ചരിക്കുന്നതും നിരവധി സ്കൂളുകളുമുള്ള പ്രധാന ജംഗ്ഷനാണ്. ജനപ്രതിനിധികളുടെയും ജനങ്ങളുടെയും ശക്തമായ

+ അനുബന്ധമായി ചേർക്കുന്നു.

ആവശ്യത്തെത്തുടർന്ന് VUP പുതുതായി അനുവദിച്ചെങ്കിലും നിലവിലുള്ള SVUP (Small Vehicular UnderPass)-ൽനിന്നും 9 മീറ്റർ മാറിയാണ് പുതിയ VUP സ്ഥാപിക്കുന്നത്. ഇത് തികച്ചും അശാസ്ത്രീയമാണ്. പുതുതായി അനുവദിച്ച VUP വേട്ടുതറ ജംഗ്ഷനിൽ അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയപാത 66-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ. ഈ വിഷയം നേരത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും അതുപോലെത്തന്നെ ബഹുമാനപ്പെട്ട അംഗം ഡോ. സുജിത് വിജയൻപിള്ളയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സർവകക്ഷി എന്ന നിലയിൽ അതുമായി ബന്ധപ്പെട്ടയാളുകളെയും കണ്ടിരുന്നു. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് സെക്രട്ടറിയെ ഇത് പരിഹരിക്കാൻവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. എൻ.എച്ച്.എ.ഐ.-യുടെ റീജിയണൽ ഓഫീസറുമായി ബന്ധപ്പെട്ട് മറ്റ് കാര്യങ്ങളും പരിശോധിക്കാം.

(28) നച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡ് നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡിന്റെ നിർമ്മാണം നിലച്ചുപോയത് സംബന്ധിച്ചാണ് ഈ സബ്മിഷൻ.

2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച നച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡിന്റെ 2.5 കി.മീ. ദൈർഘ്യമുള്ള ഒരു റീച്ചിന്റെ നിർമ്മാണം സമയപരിധി കഴിഞ്ഞ് പലപ്രാവശ്യം ദീർഘിപ്പിച്ച് നൽകിയെങ്കിലും ഇപ്പോഴും നിർമ്മാണം നടക്കാത്ത അവസ്ഥയിലാണ്. കരാറുകാരന്റെ അനാസ്ഥയാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. ഇതേ കരാറുകാരൻ മുമ്പ് രണ്ട് വർക്കുകൾ ഏറ്റെടുത്ത് പൂർത്തിയാക്കാത്ത വിഷയമുണ്ടായിരുന്നു. അദ്ദേഹം കോഴിക്കോടാണ് ആ പ്രവൃത്തി ചെയ്തത്. ഇത്തരം കരാറുകാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. റോഡ് കുത്തിപ്പൊളിച്ചതിനാൽ പൊടിശല്യം രൂക്ഷമാണ്, വാഹനങ്ങൾക്ക് കടന്ന് പോകാൻ കഴിയുന്നില്ല, ഇരുചക്ര വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. പലർക്കും പരിക്കേറ്റ സംഭവവും ഉണ്ടായിരിക്കുകയാണ്.

ഈ കരാറുകാരനെ ടെർമിനേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. ഇതൊരു ചെറിയ പ്രവൃത്തിയാണ്, 2.5 കി.മീ. ദൈർഘ്യമുള്ള റോഡിന്റെ നിർമ്മാണമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽ അടിയന്തരമായി അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ വിശദമായി പറയുന്നില്ല. ഈ വിഷയത്തിൽ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. തിരുത്താൻ തയ്യാറായിട്ടില്ലെങ്കിൽ കർശന നടപടി സ്വീകരിച്ച് മുന്നോട്ടുപോകും.

(29) ദേശീയപാത വികസനം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സംസ്ഥാനത്ത് എൻ.എച്ച്.എ.ഐ.-യുടെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ദേശീയപാതയുടെ പ്രവൃത്തി ആദ്യം പൂർത്തിയാകുന്നത് മലപ്പുറം ജില്ലയിലാണ്. മലപ്പുറം ജില്ലയിൽ തിരൂർ മണ്ഡലത്തിലൂടെ പോകുന്ന രണ്ടത്താണിക്കും വെട്ടിച്ചിറയ്ക്കും ഇടയിലുള്ള നാല് പ്രധാനകാര്യങ്ങളുടെ പരിഹാരത്തിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ചുങ്കം, ഉണ്ണിയാൽ എന്നീ പ്രദേശങ്ങളിൽ പെയ്ത്ത ഇടക്കാല

മഴയിൽ വലിയ ജലപ്രളയം അനുഭവപ്പെട്ടു. രണ്ടും ചെങ്കുത്തായ സ്ഥലമാണ്. വെള്ളമൊഴുകി അവിടെ ഉണ്ണിയാൽ എന്ന സ്ഥലത്ത് ഉണ്ണിയാൽ-കക്കാട്ടുംകുളമ്പ് റോഡ് തകർന്ന് പോയിരിക്കുകയാണ്. അശാസ്ത്രീയമായ നിർമ്മാണമാണ് ഇതിന് കാരണം. അതിന് പരിഹാരമുണ്ടാക്കേണ്ടതുണ്ട്. രണ്ടത്താണി, വെട്ടിച്ചിറ എന്നിങ്ങനെ രണ്ട് സ്ഥലങ്ങളിൽ ലിഫ്റ്റിന്റെ സഹായത്തോടെ ഒരു ഫൂട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കേണ്ടതുണ്ട്. വെട്ടിച്ചിറ പള്ളിക്ക് മുന്നിലുള്ള രണ്ടായിരം കബറസ്ഥാൻ മാറ്റി സ്ഥാപിച്ചുകൊണ്ടാണ് ഇതിനായി സ്ഥലമനുവദിച്ചത്. കബറസ്ഥാനിലേക്ക് മയ്യത്തുകൾ കൊണ്ടുപോകാനുള്ള സ്ഥലം കൊടുക്കുമെന്ന് അന്ന് വാക്ക് കൊടുത്തിരുന്നു. അത് ഇതുവരെയും പാലിച്ചിട്ടില്ല. അതുകൊണ്ട് ഈ രണ്ട് സ്ഥലത്തും ലിഫ്റ്റ് സംവിധാനത്തോടുകൂടി ഫൂട്ട് ഓവർ ബ്രിഡ്ജ് ഏർപ്പാട് ചെയ്യേണ്ടതുണ്ട്. ചുങ്കം എന്ന സ്ഥലത്ത് .... (മൈക്ക് ഓഫ്)...

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ദേശീയപാത 66-മായി ബന്ധപ്പെട്ടതാണ്. അതിന്റെ ഭാഗമായിട്ടുള്ള വിഷയങ്ങൾ നേരത്തെ ചർച്ച

ചെയ്ത് ദേശീയപാത അതോറിറ്റിയുടെ നിലപാട് അറിയാൻ പറഞ്ഞിരുന്നു. രണ്ട് തവണ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം നേരത്തെതന്നെ ശ്രദ്ധയിലുണ്ട്. അവർ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ വച്ചുകൊണ്ടുതന്നെ ചർച്ച ചെയ്യുമെന്നുള്ളത് സഭയെ അറിയിക്കുകയാണ്. കേരളത്തിലാദ്യമായി പൂർണ്ണമായും ദേശീയപാത 66-ന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ പോകുന്ന ജില്ല മലപ്പുറമാണെന്ന് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാമനാട്ടുകര-വളാഞ്ചേരി റീച്ചിന്റെ 93 ശതമാനവും വളാഞ്ചേരി-കാപ്പിരിക്കാട് റീച്ചിന്റെ 92 ശതമാനത്തോളവും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പറഞ്ഞ വിഷയം പരിഹരിക്കാൻ ദേശീയപാത അതോറിറ്റിയുമായി തുടർന്നും ചർച്ച ചെയ്യുമെന്നുള്ളത് സഭയെ അറിയിക്കുന്നു.

(30) <u>മലയോരഹൈവേ എടപ്പറമ്പ് കോളിച്ചാൽ പൂർത്തീകരണം</u>

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, മലയോരഹൈവേ എടപറമ്പ-കോളിച്ചാൽ റീച്ചിലെ പ്രവൃത്തി പൂർത്തീകരിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കേരളത്തിന്റെ അഭിമാന പദ്ധതിയായ മലയോരഹൈവേയുടെ

ഒന്നാമത്തെ റീച്ചായ നന്ദാരപദവ്-ചേവാറിലെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാമത്തേതാണ് എടപറമ്പ-കോളിച്ചാൽ റീച്ച്. അതിൽ വനഭൂമിയുടെ പ്രശ്നമുണ്ടായിരുന്നു, അതിനുപകരം ഭൂമി നൽകുകയും മന്ത്രിസഭ അംഗീകാരവും ലഭിച്ചിരുന്നു. ഇനി അവശേഷിക്കുന്നത് വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിനും ഉടമസ്ഥാവകാശം വനം വകുപ്പിന് കൈമാറുകയും ചെയ്യുന്നതിനുള്ള നടപടിക്രമമാണ്. അത് ഉടനെ പൂർത്തീകരിക്കാനും ഭൂമി വിട്ട് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് മലയോരഹൈവേ എടപറമ്പ-കോളിച്ചാൽ റീച്ചിലെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ വിഷയം പരിഹരിക്കാൻ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച മറുപടി വളരെ വിശദമായതിനാൽ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

+ അനുബന്ധമായി ചേർക്കുന്നു.

(31) മൈനാഗപ്പള്ളി റെയിൽവേ മേൽപ്പാലം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, മൈനാഗപ്പള്ളിയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി 50 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് നിർമ്മാണം ആരംഭിക്കേണ്ടത്. മേൽപ്പാല നിർമ്മാണം അടിയന്തരമായി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം. 33 കെട്ടിടങ്ങൾ ഭാഗികമായും 8 കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ച് മാറ്റേണ്ടതായിട്ടുണ്ട്. വാല്യുവേഷനെല്ലാം കഴിഞ്ഞു. ലാൻഡ് അതോറിറ്റിയുടെ (എൽ.എ.) ചെറിയ തടസ്സം മാത്രമാണുള്ളത്. അതുകൂടി പരിഹരിച്ച് എത്രയും വേഗം നിർമ്മാണം ആരംഭിക്കേണ്ടതാണ്. യാത്രക്കാരുടെ വലിയൊരു സമ്മർദ്ദവുമുണ്ട്. കരുനാഗപ്പള്ളിയിൽ രണ്ട് മേൽപ്പാലത്തിന്റെ വർക്കിൽ ഒന്ന് പൂർണ്ണമായും പൂർത്തിയായിക്കഴിഞ്ഞു. അടുത്തത് ആരംഭിക്കാൻ പോകുകയാണ്. മൈനാഗപ്പള്ളിയിൽ എളുപ്പമാർഗ്ഗത്തിൽ പോകാൻ ഈ പാലം വന്നാൽ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം. പി.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇതിന്റെ ഫോളോപ്പിനുവേണ്ടി ആർ.ബി.ഡി.സി.കെ;

മാനേജിങ് ഡയറക്ടറെ ചുമതലപ്പെടുത്താം. ഇതുസംബന്ധിച്ച വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

(32) കോതമംഗലം പുതുപ്പാടി - ഇരുമലപ്പാടി റോഡ്

ഡോ. മാത്യു കുഴൽനാടൻ: സർ, വളരെ പ്രയാസകരമായൊരു കാര്യമാണ് ഈ സബ്മിഷനിലൂടെ പറയാൻ ആഗ്രഹിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലൂടെ പാസ്സ് ചെയ്യുന്ന പുതുപ്പാടി - ഇരുമലപ്പാടി റോഡ് കോതമംഗലം നിയോജകമണ്ഡലത്തിൽ നിന്നും തുടങ്ങി മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലൂടെ കടന്ന് വീണ്ടും കോതമംഗലം നിയോജകമണ്ഡലത്തിൽ അവസാനിക്കുന്ന റോഡാണ്. ഈ റോഡിന് നബാർഡ് സ്കീമിൽ ടാർ ചെയ്യാനുള്ള അനുവാദം ലഭിക്കുകയും ടാറിങ് നടക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് എന്ത് പറയണമെന്ന് എനിക്കറിയില്ല, എന്ത് മര്യാദകേടാണ്? കോതമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത റോഡിന്റെ ആദ്യ ഭാഗം ടാർ ചെയ്തു. മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെത്തിയപ്പോൾ അത് ഒഴിവാക്കി, വീണ്ടും

+ അനുബന്ധമായി ചേർക്കുന്നു.

കോതമംഗലം നിയോജകമണ്ഡലത്തിലെത്തിയപ്പോൾ ബാക്കി ഭാഗം ടാർ ചെയ്തു. മൂവാറ്റുപുഴയിലെയും മുളവൂരിലെയും ജനങ്ങൾ നൽകുന്ന നികുതികൂടി സർക്കാർ വാങ്ങിയിട്ടാണ് ഇതെല്ലാം ചെയ്യുന്നത്. ഇത് എങ്ങനെ ടേക്കപ്പ് ചെയ്യുമെന്ന് എനിക്കറിയില്ല. എം.എൽ.എ. ഫണ്ടുപയോഗിച്ച് ടാർ ചെയ്യുന്നതെങ്കിൽ നമുക്ക് മനസ്സിലാക്കാം. പക്ഷേ ഒരു റോഡിൽത്തന്നെ ഇത്തരത്തിൽ വേർതിരിവ് കാണിക്കുന്നത് അങ്ങേയറ്റം ദുഃഖകരമാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവോടുകൂടിയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകേണ്ടതാണെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇത് കോതമംഗലം എം.എൽ.എ.-യുടെ തുടർച്ചയായ ഇടപെടലിന്റെ ഭാഗമായി നബാർഡ് പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഈ സ്കീം അനുവദിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടാണ് ഇത് വന്നിട്ടുള്ളത്. അതുപൊതുവെ പരിശോധിക്കാം. കോതമംഗലം എം.എൽ.എ.-യുടെ

തുടർച്ചയായ ഇടപെടലാണ്. ബജറ്റ് പ്രൊപ്പോസലിലോ മറ്റോ വന്നിരുന്നെങ്കിൽ നമുക്ക് പരിശോധിക്കാമായിരുന്നു. എന്തായാലും ആ നിലയിലാണ് വന്നിട്ടുള്ളത്. മറ്റ് കാര്യങ്ങൾ പരിശോധിക്കാം. മര്യാദകേടിനെക്കുറിച്ച് പറഞ്ഞു; അത് കണ്ണാടിയിൽ നോക്കി സ്വയം മനസ്സിലാക്കുന്നതാണ് നല്ലതെന്നാണ് തോന്നുന്നത്. മര്യാദകേട് കാണിക്കുന്ന ഒരു സർക്കാരോ സർക്കാർ ഉദ്യോഗസ്ഥരോ അല്ല നിലവിലുള്ളത്. ഏതെങ്കിലും ഉദ്യോഗസ്ഥർ അങ്ങനെയുണ്ടെങ്കിൽ ഒരു സംശയവും വേണ്ട അവരെ തിരുത്തി മുന്നോട്ടുപോകുമെന്നാണ് സഭയോട് പറയാനുള്ളത്. ഇക്കാര്യത്തിൽ പരിപൂർണ്ണമായും അഭിനന്ദിക്കേണ്ടത് കോതമംഗലം എം.എൽ.എ. ശ്രീ. ആന്റണി ജോണിനെയാണ്. അങ്ങനെയൊരു എം.എൽ.എ. ഇതിനുവേണ്ടി മാത്രം സമയം ചെലവഴിച്ച് സ്വന്തം മണ്ഡലത്തിനുവേണ്ടി പൂർണ്ണമായും പഠിച്ച് പ്രൊപ്പോസലുകൾ തയ്യാറാക്കി ഇടപെടുമ്പൊൾ സർക്കാരിന് അതിന്റെ കൂടെ നിൽക്കണം. അത് നിയോജകമണ്ഡലം അടിസ്ഥാനമാക്കിയാണ് നൽകുന്നത്. അപ്പോൾ നമ്മളെല്ലാവരും നമ്മുടെ നിയോജകമണ്ഡലത്തെ കുറെക്കൂടി ശ്രദ്ധിച്ച് ഇത്തരം പ്രൊപ്പോസലുകൾ നൽകിയാൽ പൊതുമരാമത്ത് വകുപ്പ് രണ്ട് കൈയും

നീട്ടി സ്വീകരിക്കുമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## (33) കടലുകാണി ടൂറിസം പദ്ധതി

ശ്രീമതി ഒ. എസ്. അംബിക: സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്നതാണ് കടലുകാണി പാറ. പ്രകൃതി മനോഹരമായ ഈ സ്ഥലത്ത് ആരംഭിച്ച ടൂറിസം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അടിയന്തരമായി പ്രവൃത്തി ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തുടർനടപടികൾ സ്വീകരിച്ച് നമുക്ക് മുന്നോട്ടുപോകാം. പുതിയ പ്രൊപ്പോസൽ തയ്യാറാക്കി ഏജൻസിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(34) സംസ്ഥാനത്ത് കുട്ടികൾ വീട് വിട്ടിറങ്ങുന്ന പ്രശ്നത്തിന് പരിഹാരം

ശ്രീ. എ. പി. അനിൽ കുമാർ: സർ, കൗമാരപ്രായക്കാരായ കുട്ടികൾക്കിടയിൽ ഇന്ന് കണ്ടുവരുന്ന ഒരു കാര്യമാണ് വീട് വിട്ടിറങ്ങിപ്പോകുന്ന ഒരു സാഹചര്യം. 2020 മുതൽ 2024 വരെ ഇന്ത്യയിൽ 3 ലക്ഷം കുട്ടികൾ വീട് വിട്ടിറങ്ങിപോകുകയും 36000 കുട്ടികൾ തിരിച്ച് വന്നിട്ടില്ലായെന്നുമാണ് പറയുന്നത്. ദേശീയതലത്തിലാണ് മുമ്പുണ്ടായിരുന്നതെങ്കിൽ ഇന്ന് കേരളത്തിൽ അത് കൂടിവരികയാണ്. വീട് വിട്ട് ഇറങ്ങിപ്പോയ കുട്ടികളുടെ കണക്ക് പ്രകാരം 2021-ൽ 101-ഉം 2022-ൽ 114-ഉം 2023-ൽ 124-ഉം 2024 സെപ്റ്റംബർ 166-ഉം ആയി എന്നാണ് വ്യക്തമാക്കുന്നത്. ഇത് വളരെ വലിയ തോതിലാണ് നടക്കുന്നത്. കുട്ടികൾക്കിടയിൽ ഇതൊരു പകർച്ചവ്യാധി പോലെയാണ് വരുന്നത്. എന്തുകൊണ്ടാണ് കുട്ടികൾ വീട് വിട്ടിറങ്ങിപോകുന്നത്; ഏത് സാഹചര്യമാണ് ഇതിലേക്ക് അവരെ നയിക്കുന്നത്; ഇത്തരം കാര്യങ്ങളിൽ ഒരു പഠനം ആവശ്യമാണ്. കഴിഞ്ഞ ദിവസമാണ് താനൂരിലുള്ള 2 കുട്ടികളെ ബോംബെയിൽ വച്ച്

പിടിച്ചുകൊണ്ടുവരുന്ന സാഹചര്യമുണ്ടായത്. ഇത്തരത്തിലുള്ള പ്രയാസങ്ങൾ കുട്ടികൾ എന്തുകൊണ്ടാണ് അനുഭവിക്കുന്നത്. ഏത് രീതിയിലാണ് ഇത്തരം കുട്ടികളെ കൈകാര്യം ചെയ്യേണ്ടതെന്ന് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. കുട്ടികൾ ഇത്തരത്തിൽ വീട് വിട്ടിറങ്ങുന്നത് സംബന്ധിച്ച് നിലവിൽ ബാലനീതി നിയമം വകുപ്പ് 2(14)പ്രകാരം ആവശ്യമായ നിയമങ്ങളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അതുപോലെ റെയിൽവേ സ്റ്റേഷനുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിലവിലുണ്ട്. അക്കാര്യങ്ങൾ സംബന്ധിച്ച വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(35) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ പ്ലാന്റ്

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് 2014-15, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലായി 1,10,00,000 രൂപ അനുവദിച്ചു. സർക്കാർ അംഗീകൃത ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർവഹണ ഏജൻസിയായി നിശ്ചയിച്ചു. ഇതുവരെ സംസ്കരണ പ്ലാന്റ് നിർമ്മാണം ആരംഭിക്കാൻ കഴിയാത്തത് ഗൗരവമായി കണ്ടുകൊണ്ട് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അപേക്ഷിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ പ്രസ്തുത പദ്ധതിക്ക് 1,10,00,000 രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ആദ്യം പി.ഡബ്ല്യൂ.ഡി.-യെ ആണ് ചുമതല ഏൽപ്പിച്ചിട്ടുള്ളത്. അതിനുശേഷം സാങ്കേതിക കാരണങ്ങൾമൂലം മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുകയും അങ്ങനെ കാലതാമസം നേരിടുകയും ചെയ്തു. അതിനുശേഷം ഡി.പി.ആർ.

എടുക്കുന്നതിനുവേണ്ടി അധിക തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ അക്കാര്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുവേണ്ടി വീണ്ടും പി.ഡബ്ല്യൂ.ഡി.-യെ തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(36) അമിതമായി ഫീസ് ഈടാക്കുന്ന ആശുപത്രികളെ നിയന്ത്രിക്കൽ

ശ്രീ. എച്ച്. സലാം: സർ, നമ്മുടെ ഹെൽത്ത് സിസ്റ്റത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണ് സ്വകാര്യ ആശുപത്രികൾ. പല സ്വകാര്യ ആശുപത്രികളിലും ഭീകരമായ ചികിത്സാ ഫീസാണ് ഈടാക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ എലിപ്പനി ബാധിച്ച രോഗിക്ക് എറണാകുളം ജില്ലയിലെ ഒരു ആശുപത്രിയിൽ 23 ദിവസം ചികിത്സിച്ചപ്പോൾ 19 ലക്ഷം രൂപയാണ് ബിൽ നൽകിയത്. ഓപ്പൺ ഹാർട്ട് സർജറിക്ക് 3 ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെയും വെന്റിലേറ്റർ ഐ.സി.യു.-ന് പ്രതിദിനം 15,000 രൂപ മുതൽ 35,000 രൂപ വരെയും ഈടാക്കുന്ന സാഹചര്യമുണ്ട്. ആഞ്ചിയോപ്ലാസ്റ്റിയിലൂടെ ഒരു സ്റ്റെന്റ് ഇടുന്നതിന് ഒന്നരലക്ഷം രൂപ വരെയും

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

രണ്ട് സ്റ്റെന്റാണെങ്കിൽ മൂന്ന് ലക്ഷം രൂപ വരെയും ഈടാക്കുന്ന സാഹചര്യമാണ്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ഇതുപോലെ ഭീകരമായ തുകയാണ് ഓരോ ആശുപത്രിയും വ്യത്യസ്തമായി ഈടാക്കുന്നത്. നിരവധി സാധാരണക്കാരായ രോഗികൾ ആശ്രയിക്കുന്ന നമ്മുടെ സ്വകാര്യ ആശുപത്രികളിലെ ഇത്തരം ചികിത്സാനിരക്ക് നിയന്ത്രിക്കാനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമെന്നുള്ളതാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടി നമ്മുടെ ഗവൺമെന്റ് 2018-ൽ ഒരു സുപ്രധാനമായ ബിൽ ഈ നിയമസഭയിൽ പാസാക്കിയിട്ടുണ്ട്. ഇത്തരം സ്വകാര്യ സ്ഥാപനങ്ങൾ ഈടാക്കുന്ന തുക സംബന്ധിച്ചുള്ള കാര്യങ്ങൾ പ്രദർശിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ നിർദേശം കൊടുത്തിട്ടുണ്ട്. അതിന്റെ വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(37) കുന്നമ്മൽ വോളിബോൾ അക്കാദമി, മയ്യന്നൂർ സ്റ്റേഡിയം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, 2007-ൽ കുന്നമ്മൽ സ്ഥാപിച്ച വനിതാ വോളിബോൾ അക്കാദമി വളരെ ശോചനീയമായ അവസ്ഥയിലാണ്. നാട്ടുകാർ നൽകിയ ഒരേക്കർ സ്ഥലത്ത് ഒരു കോടി രൂപ ഗ്രൗണ്ട് നിർമ്മിക്കാനും 2 കോടി രൂപ ഹോസ്റ്റൽ നിർമ്മിക്കാനും അനുവദിച്ചെങ്കിലും പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. പുറമേരി പഞ്ചായത്തിലെ അരൂരിൽ ഇൻഡോർ സ്റ്റേഡിയത്തിനുവേണ്ടി രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കണം. മണിയൂർ ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ ഗ്രൗണ്ട് പദ്ധതിയിൽ 50 ലക്ഷം രൂപ ഡിപ്പാർട്ടുമെന്റും 50 ലക്ഷം രൂപ എം.എൽ.എ.-യും അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവൃത്തി ആരംഭിക്കണം. വില്ല്യാപ്പള്ളി പഞ്ചായത്തിൽ 50 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ 50 ലക്ഷം രൂപ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഇപ്പോൾ പ്രഖ്യാപനമുണ്ടാകണം. കുറ്റ്യാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ

ഗ്രൗണ്ട് ഇല്ല. അവിടെ ഗ്രൗണ്ട് അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 30-11-2022-ലെ ഉത്തരവുപ്രകാരം ഒരു കോടി രൂപയുടെ അനുമതി നൽകി. അതുപ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ 19-7-2024-ന് പ്രവൃത്തിയുടെ കരാർ നൽകി, പ്രവൃത്തി ആരംഭിച്ചു. ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് കോർട്ട്, ഫെൻസിങ് വാൾ, കോമ്പൗണ്ട് വാൾ, ഫ്ലഡ്ലൈറ്റ് എന്നീ ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി തുടങ്ങുന്നതിന് റോഡ് ഒരുക്കാൻ വലിയ തോതിൽ മണ്ണുനീക്കലും നികത്തലും പാറകൾ നീക്കലും വേണ്ടിവന്നു. അതാണ് പ്രവൃത്തി തുടങ്ങാൻ വൈകിയത്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം അദ്ദേഹം നൽകിയ അപേക്ഷയിൽ കളക്ടറുടെ ടി.എസ്. നൽകുന്ന മുറയ്ക്ക് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ മുഴുവൻ സ്ഥലങ്ങളിലും ഇത്തരം പദ്ധതികൾ അനുവദിക്കാൻ തയ്യാറാണ്. ഇതുമായി ബന്ധപ്പെട്ട വിശദവിവരം മേശപ്പുറത്തുവയ്ക്കുന്നു.+

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.